"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്താഫീസിൽ നിന്ന് വിരമിച്ച മരണപ്പെട്ട ക്ലാർക്ക് ശശീന്ദ്രകുറുപ്പ്.പി.എം-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1294/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2021

പരാമർശം:- 1 സ.ഉ (കൈ)നം. 224/2014/തസ്വഭവ, തീയതി 12.12.2014.

2 ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.11.2020 ലെ ഇ3-10804/20/കെ ഡിസ് നമ്പർ നടപടിക്രമം.

3 ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.12.2020 ലെ ഇ3-10804/20/കെ ഡിസ് നമ്പർ നടപടിക്രമം

4 പഞ്ചായത്ത് ഡയറക്ടറുടെ 18.04.2021 ലെ ഇ6-2511/21 നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്താഫീസിൽ നിന്ന് വിരമിച്ച മരണപ്പെട്ട ക്ലാർക്ക് ശശീന്ദ്രകുറുപ്പ്.പി.എം- ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശശീന്ദ്രകുറുപ്പ്.പി.എം, 04.07.1998 FN ൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചു. ടിയാൾ ജനിച്ചത് 05.02.1963 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 04.07.2000 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന് 5 0 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ശശീന്ദ്രകുറുപ്പ്.പി.എം ന് 04.02.2013 ൽ 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ കാലാവധി 04.07.2001 മുതൽ 14.12.2014 AN വരെ പരാമർശം(1) ഉത്തരവ് പ്രകാരം ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ മാന്നാർ

ഗ്രാമപഞ്ചായത്താഫീസിൽ നിന്ന് വിരമിച്ച മരണപ്പെട്ട ക്ലാർക്ക് ശശീന്ദ്രകുറുപ്പ്.പി.എം-ന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്&എസ്എസ്.ആർ പാർട്ട് 2, റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാന്റെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലാവധി 04.07.2001 മുതൽ 14.12.2014 ANവരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

**പകർപ്പ്**

പഞ്ചായത്ത്ഡയറക്ടർ,തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്താഫീസ്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(85/ഇപിഎ1/21/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Daniyelll
സെക്ഷൻ ഓഫീസർ